## പതിനാലാം കേരള നിയമസഭ
### ഒൻപതാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 505 | 24.01.2018 - ൽ മറുപടിയ്ക്ക് |
|---|---|

### ജി.എസ്.റ്റി.യിൽ ഇ-വേ ബിൽ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.റോഷി അഗസ്റ്റിൻ<br>,, മോൻസ് ജോസഫ്<br>ഡോ.എൻ. ജയരാജ് | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പു മന്ത്രി) |
| (എ) | സംസ്ഥാനത്ത് ജി.എസ്.റ്റി.യിൽ ഇ-വേ ബിൽ എന്നുമുതൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | (എ) യും (ബി) യും | കേരളത്തിൽ പരീക്ഷണാടിസ്ഥാനത്തിൽ 12-01-2018 മുതൽ ഇ-വേ ബിൽ നടപ്പിലാക്കിയിട്ടുണ്ട്. 01-02-2018 മുതൽ ഇന്ത്യയിലൊട്ടാകെ അന്തർ സംസ്ഥാന ചരക്കു നീക്കത്തിന് ഇ-വേ ബിൽ സമ്പ്രദായം നടപ്പിലാക്കി കേന്ദ്ര ചട്ടം നിലവിൽ വന്നിട്ടുണ്ട്. കേരളത്തിലും 01.02.2018 മുതൽ ഇത് ബാധകമാണ്.<br>50,000 രൂപയ്ക്ക് മുകളിൽ മൂല്യമുള്ള എല്ലാ അന്തർ സംസ്ഥാന കൈമാറ്റങ്ങൾക്കും സംസ്ഥാനത്തിനകത്തുള്ള കൈമാറ്റങ്ങൾക്കും ഇ-വേ ബിൽ ബാധകമാണ്. ഇ-വേ ബിൽ സമ്പ്രദായത്തിലൂടെ, ചരക്കു നീക്കം തുടങ്ങുമ്പോൾ തന്നെ ഓൺലൈനായി രജിസ്റ്റർ ചെയ്യപ്പെടുന്നു. ഇതിന്റെ ഫലമായി അന്തർ സംസ്ഥാന ചരക്കു നീക്കത്തിന്റെ കൃത്യമായ വിവരങ്ങൾ വിശദ പരിശോധനയ്ക്ക് വിധേയമാക്കാൻ സംസ്ഥാനങ്ങൾക്കു കഴിയുമെന്നതിനാൽ |
| (ബി) | ചരക്ക് നീക്കം ഓൺലൈനിൽ നിരീക്ഷിക്കാനായി എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നത്; വിശദാംശം നൽകുമോ; | | |

| | | | |
|---|---|---|---|
| | | | നികുതിവെട്ടിപ്പ് ഗണ്യമായി കുറയുമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| (സി) | നികുതി പരിശോധനയ്ക്കായി ചെക്ക് പോസ്റ്റുകൾ ഏതു രീതിയിലാണ് പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നത്; ചെക്ക് പോസ്റ്റുകളുടെ ആവശ്യകത ഇപ്പോൾ ഉണ്ടോ എന്ന് വ്യക്തമാക്കാമോ? | (സി) | ജി.എസ്.ടി നടപ്പിലായതിനെ തുടർന്ന് ചെക്ക് പോസ്റ്റ് സമ്പ്രദായം നിർത്തലാക്കുകയുണ്ടായി. ചെക്ക് പോസ്റ്റുകൾ നിർത്തലാക്കിയതിനെ ത്തുടർന്ന് ചെക്ക് പോസ്റ്റുകളിൽ വിന്യസിച്ചിരുന്ന ഉദ്യോഗസ്ഥരെ പുനർ വിന്യസിച്ച് ഇന്റലിജൻസ് സ്ക്വാഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കി, ഇ-വേ ബില്ലിന്റെ സത്യസന്ധത ഉറപ്പു വരുത്തുന്നതിനായി ചരക്കു വാഹനങ്ങളുടെ ഭൗതിക പരിശോധന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**